പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1636 **16-10-2026-ൽ മറുപടിയ്ക്ക്**

ഗതാഗത നയം രൂപീകരിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

(എ) വ്യവസായ നയം പോലെ, സംസ്ഥാനത്ത് ഒരു ഗതാഗത നയത്തിന് രൂപം നൽകാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: സേഫ് ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്രമായ ഒരു ട്രാഫിക് നയം രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.സംസ്ഥാനത്ത് റോഡ് അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി 06.10.2026 ലെ സ.ഉ.(കൈ) നമ്പർ 24/2026/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സമഗ്രമായ സുരക്ഷാ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗതാഗത കമ്മീഷണറുടെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും "കേരള റോഡ് സുരക്ഷാ മിഷൻ" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ റോഡ് അപകട മരണങ്ങൾ പകുതിയായി കുറയ്ക്കുക എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം സമഗ്രമായ ബോധവൽക്കരണത്തോടൊപ്പം തന്നെ കർശനമായ നിയമപാലനവും (Enforcement), റോഡുകളിലെ ന്യൂനതകൾ പരിഹരിക്കുന്ന എഞ്ചിനീയറിംഗ് നടപടികളും (Engineering Measures) ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി നടപ്പിൽ വരുത്തി, പ്രധാന പാതകളിലെ റോഡ് അപകടങ്ങളും അപകടമരണങ്ങളും ഗണ്യമായി കുറയ്ക്കുന്നതിന് ഈ പദ്ധതി സഹായകരമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി അപകടസാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തൽ, റോഡ് സുരക്ഷാ സർവേകൾ, എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നിയമലംഘന നിരീക്ഷണം, റോഡ് സുരക്ഷാ ബോധവൽക്കരണം, റോഡ് അടിസ്ഥാനസൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് "കേരള റോഡ് സുരക്ഷാ മിഷൻ" പ്രാധാന്യം നൽകുന്നു. റോഡ് സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായി റോഡ് സുരക്ഷാ സാക്ഷരതാ യജ്ഞം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷാ നിയമങ്ങൾ, ട്രാഫിക് ചിഹ്നങ്ങൾ, സുരക്ഷിതമായ റോഡ് ഉപയോഗം, കാൽനടയാത്രക്കാരുടെയും ഇരുചക്രവാഹന യാത്രക്കാരുടെയും സുരക്ഷ, ഹെൽമറ്റ്, സീറ്റ്ബെൽറ്റ് എന്നിവയുടെ നിർബന്ധിത

ഉപയോഗം, അമിതവേഗം ഉൾപ്പെടെയുള്ള ഗതാഗത നിയമലംഘനങ്ങളുടെ പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾ, യുവജനങ്ങൾ, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ റോഡ് സുരക്ഷാ നിയമങ്ങൾ പാലിക്കുന്ന ശീലം വളർത്തിയെടുക്കുന്നതിനും ഉത്തരവാദിത്തമുള്ള റോഡ് ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത "കേരള റോഡ് സുരക്ഷാ മിഷൻ" ന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ നിന്നും ഗതാഗത കമ്മീഷണറുടെ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. കൂടാതെ പ്രിയദർശിനി സ്ത്രീ സൗജന്യ യാത്ര പദ്ധതിയെ തുടർന്ന് സ്വകാര്യ ബസ് മേഖല ഉയർത്തിയ പ്രശ്നങ്ങൾ പഠിക്കുന്നതിനായി 14.07.2026 ലെ സ.ഉ.(സാധാ) നമ്പർ 237/2026/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിയോഗിച്ച ശ്രീ. കെ. പദ്മകുമാർ കമ്മിറ്റി റിപ്പോർട്ടിൽ ഒരു സമഗ്ര ഗതാഗത നയം രൂപീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഇതും പരിശോധിച്ചുവരുന്നു.

(ബി) റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ മനസ്സിലാക്കാനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

<u>മറുപടി:</u> സേഫ് ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്രമായ ഒരു ട്രാഫിക് നയം രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.സംസ്ഥാനത്ത് റോഡ് അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി 06.10.2026 ലെ സ.ഉ.(കൈ) നമ്പർ 24/2026/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സമഗ്രമായ സുരക്ഷാ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗതാഗത കമ്മീഷണറുടെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും "കേരള റോഡ് സുരക്ഷാ മിഷൻ" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ റോഡ് അപകട മരണങ്ങൾ പകുതിയായി കുറയ്ക്കുക എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം .സമഗ്രമായ ബോധവൽക്കരണത്തോടൊപ്പം തന്നെ കർശനമായ നിയമപാലനവും (Enforcement), റോഡുകളിലെ ന്യൂനതകൾ പരിഹരിക്കുന്ന എഞ്ചിനീയറിംഗ് നടപടികളും (Engineering Measures) ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി നടപ്പിൽ വരുത്തി, പ്രധാന പാതകളിലെ റോഡ് അപകടങ്ങളും അപകടമരണങ്ങളും ഗണ്യമായി കുറയ്ക്കുന്നതിന് ഈ പദ്ധതി സഹായകരമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി അപകടസാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തൽ, റോഡ് സുരക്ഷാ സർവേകൾ, എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നിയമലംഘന നിരീക്ഷണം, റോഡ് സുരക്ഷാ ബോധവൽക്കരണം, റോഡ് അടിസ്ഥാനസൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് "കേരള റോഡ് സുരക്ഷാ മിഷൻ" പ്രാധാന്യം നൽകുന്നു. റോഡ് സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായി റോഡ് സുരക്ഷാ സാക്ഷരതാ യജ്ഞം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷാ നിയമങ്ങൾ, ട്രാഫിക് ചിഹ്നങ്ങൾ, സുരക്ഷിതമായ റോഡ് ഉപയോഗം, കാൽനടയാത്രക്കാരുടെയും ഇരുചക്രവാഹന യാത്രക്കാരുടെയും സുരക്ഷ, ഹെൽമറ്റ്, സീറ്റ്ബെൽറ്റ് എന്നിവയുടെ നിർബന്ധിത ഉപയോഗം, അമിതവേഗം ഉൾപ്പെടെയുള്ള ഗതാഗത നിയമലംഘനങ്ങളുടെ പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾ, യുവജനങ്ങൾ, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ റോഡ് സുരക്ഷാ നിയമങ്ങൾ

പാലിക്കുന്ന ശീലം വളർത്തിയെടുക്കുന്നതിനും ഉത്തരവാദിത്തമുള്ള റോഡ് ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത "കേരള റോഡ് സുരക്ഷാ മിഷൻ" ന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ നിന്നും ഗതാഗത കമ്മീഷണറുടെ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. കൂടാതെ പ്രിയദർശിനി സ്തീ സൗജന്യ യാത്ര പദ്ധതിയെ തുടർന്ന് സ്വകാര്യ ബസ് മേഖല ഉയർത്തിയ പ്രശനങ്ങൾ പഠിക്കുന്നതിനായി 14.07.2026 ലെ സ.ഉ.(സാധാ) നമ്പർ 237/2026/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിയോഗിച്ച ശ്രീ. കെ. പദ്മകുമാർ കമ്മിറ്റി റിപ്പോർട്ടിൽ ഒരു സമഗ്ര ഗതാഗത നയം രൂപീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഇതും പരിശോധിച്ചുവരുന്നു.

(സി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി ആരംഭിക്കുന്ന ഗതാഗത സാക്ഷരതാ യജ്ഞത്തെക്കുറിച്ച് വിശദമാക്കുമോ?

<u>മറുപടി:</u> സേഫ് ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്രമായ ഒരു ട്രാഫിക് നയം രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.സംസ്ഥാനത്ത് റോഡ് അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി 06.10.2026 ലെ സ.ഉ.(കൈ) നമ്പർ 24/2026/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സമഗ്രമായ സുരക്ഷാ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗതാഗത കമ്മീഷണറുടെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും "കേരള റോഡ് സുരക്ഷാ മിഷൻ" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ റോഡ് അപകട മരണങ്ങൾ പകുതിയായി കുറയ്ക്കുക എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം സമഗ്രമായ ബോധവൽക്കരണത്തോടൊപ്പം തന്നെ കർശനമായ നിയമപാലനവും (Enforcement), റോഡുകളിലെ ന്യൂനതകൾ പരിഹരിക്കുന്ന എഞ്ചിനീയറിംഗ് നടപടികളും (Engineering Measures) ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി നടപ്പിൽ വരുത്തി, പ്രധാന പാതകളിലെ റോഡ് അപകടങ്ങളും അപകടമരണങ്ങളും ഗണ്യമായി കുറയ്ക്കുന്നതിന് ഈ പദ്ധതി സഹായകരമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി അപകടസാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തൽ, റോഡ് സുരക്ഷാ സർവേകൾ, എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നിയമലംഘന നിരീക്ഷണം, റോഡ് സുരക്ഷാ ബോധവൽക്കരണം, റോഡ് അടിസ്ഥാനസൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് "കേരള റോഡ് സുരക്ഷാ മിഷൻ" പ്രാധാന്യം നൽകുന്നു. റോഡ് സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായി റോഡ് സുരക്ഷാ സാക്ഷരതാ യജ്ഞം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷാ നിയമങ്ങൾ, ട്രാഫിക് ചിഹ്നങ്ങൾ, സുരക്ഷിതമായ റോഡ് ഉപയോഗം, കാൽനടയാത്രക്കാരുടെയും ഇരുചക്രവാഹന യാത്രക്കാരുടെയും സുരക്ഷ, ഹെൽമറ്റ്, സീറ്റ്ബെൽറ്റ് എന്നിവയുടെ നിർബന്ധിത ഉപയോഗം, അമിതവേഗം ഉൾപ്പെടെയുള്ള ഗതാഗത നിയമലംഘനങ്ങളുടെ പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾ, യുവജനങ്ങൾ, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ റോഡ് സുരക്ഷാ നിയമങ്ങൾ പാലിക്കുന്ന ശീലം വളർത്തിയെടുക്കുന്നതിനും ഉത്തരവാദിത്തമുള്ള റോഡ് ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത "കേരള റോഡ് സുരക്ഷാ

മിഷൻ" ന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ നിന്നും ഗതാഗത കമ്മീഷണറുടെ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. കൂടാതെ പ്രിയദർശിനി സ്ത്രീ സൗജന്യ യാത്ര പദ്ധതിയെ തുടർന്ന് സ്വകാര്യ ബസ് മേഖല ഉയർത്തിയ പ്രശനങ്ങൾ പഠിക്കുന്നതിനായി 14.07.2026 ലെ സ.ഉ.(സാധാ) നമ്പർ 237/2026/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിയോഗിച്ച ശ്രീ. കെ. പദ്മകുമാർ കമ്മിറ്റി റിപ്പോർട്ടിൽ ഒരു സമഗ്ര ഗതാഗത നയം രൂപീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഇതും പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ